**SY-4037**

Class No. : ........................................

Name : ........................................

**SECOND YEAR HIGHER SECONDARY**
**SECOND TERMINAL EXAMINATION, DECEMBER-2025**

Part – III

Time : 2 Hours

# GEOGRAPHY

Cool-off time : 15 Minutes

Maximum : 60 Scores

**(Map Accompanied)**

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

## SECTION – A

**1 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വിതം.** **(6 × 1 = 6)**

1. ജനസംഖ്യ കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം

2. ഇന്ത്യയിലെ ഏറ്റവും മലിനമായ നദികൾ ________ & ________ എന്നിവയാണ്.
   (a) നർമ്മദ & താപി
   (b) ഗംഗ & യമുന
   (c) കൃഷ്ണ & കാവേരി
   (d) രവി & ബിയാസ്

3. കരയാൽ ചുറ്റപ്പെട്ട തുറമുഖം
   (a) ചെന്നൈ
   (b) എന്നൂർ
   (c) വിശാഖപട്ടണം
   (d) പാരദ്വിപ്

4. ലോകത്തിലെ ഏറ്റവും വലിയ തൃതീയ (tertiary) പ്രവർത്തനമാണ് ________.
   (a) വ്യാപാരം
   (b) ടൂറിസം
   (c) ഡയറി ഫാമിംഗ്
   (d) ഗവേഷണം

5. ഇന്ത്യയിലെ മുൻനിര കാപ്പി ഉൽപാദകരാണ് ________.
   (a) തമിഴ്നാട്
   (b) കേരളം
   (c) അസാം
   (d) കർണ്ണാടക

6. അന്താരാഷ്ട്ര വ്യാപാരത്തിന്റെ കവാടങ്ങൾ
   (a) ദേശീയ പാതകൾ
   (b) തുറമുഖങ്ങൾ
   (c) കനാലുകൾ
   (d) ഉൾനാടൻ ജലപാതകൾ

7. ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം

(a) ബൊക്കാറോ
(b) ഝാരിയ
(c) റാണി ഗഞ്ച്
(d) ഖേത്രി

8. താഴെക്കൊടുത്തിട്ടുള്ളതിൽ തൃതീയ പ്രവർത്തനം ഏത്

(a) വേട്ടയാടൽ
(b) നെയ്ത്ത്
(c) വ്യാപാരം
(d) കൃഷി

## SECTION – B

**9 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(10 × 2 = 20)**

9. CBR & CDR നിർവ്വചിക്കുക.

10. ബിഗ് ഇഞ്ച്, ബിഗ് ട്രങ്ക് റൂട്ട് താരതമ്യം ചെയ്യുക.

11. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തുള്ള ഏതെങ്കിലും നാല് പ്രധാന തുറമുഖങ്ങളുടെ പേര് എഴുതുക.

12. പുരാതന ഇന്ത്യൻ നഗരങ്ങളെ കുറിച്ച് ചുരുക്കി വിവരിക്കുക.

13. മഴവെള്ള സംഭരണത്തിന്റെ (മഴവെള്ളക്കൊയ്ത്ത്) ഗുണങ്ങൾ സൂചിപ്പിക്കുക.

14. ചേരുംപടി ചേർക്കുക.

| ആണവ പദ്ധതി | സംസ്ഥാനങ്ങൾ |
|---|---|
| (a) കക്രപ്പാറ | കർണാടക |
| (b) കൽപ്പാക്കം | ഗുജറാത്ത് |
| (c) കൈഗ | ഉത്തർപ്രദേശ് |
| (d) നറോറ | തമിഴ്നാട് |

15. പട്ടിക പൂർത്തിയാക്കുക

| വിള കാലങ്ങൾ | പ്രധാന ധാന്യങ്ങൾ |
|---|---|
| ? | നെല്ല് |
| ? | ? |
| സൈദ് (ഏപ്രിൽ-ജൂൺ) | ? |

16. മാനവിക ഭൂമിശാസ്ത്രത്തിൽ ഗ്രിഫിത് ടൈലർ അവതരിപ്പിച്ച പുതിയ ആശയം തിരിച്ചറിഞ്ഞ് ചെറുകുറിപ്പ് തയ്യാറാക്കുക.

17. ഖനന പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളെ ചർച്ച ചെയ്യുക.

18. ഇന്ത്യയിലെ റെയിൽ ഗതാഗതത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

19. 2014 ലെ ദേശീയ യുവജന നയത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്.

20. വ്യാപാര മിച്ചം നിർവ്വചിക്കുക.

## SECTION – C

**21 മുതൽ 28 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 3 മാർക്ക് വീതം.** **(6 × 3 = 18)**

21. ലോകത്തിലെ ജനസംഖ്യാ വിതരണത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും മൂന്ന് ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ വിശദീകരിക്കുക.

22. ഇന്ത്യയിൽ ധാതുക്കൾ പ്രധാനമായും നാല് മേഖലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അതിൽ ഒന്ന് ഹിമാലയൻ മേഖലയാണ്. മറ്റു മൂന്ന് മേഖലകൾ കണ്ടെത്തി വിവരിക്കുക.

23. തോതിന്റെയും ഗുണനിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ആശയവിനിമയ രീതിയെ രണ്ടായി തിരിക്കാം. വിശദീകരിക്കുക.

24. ഗതാഗത ദൂരത്തെ അളക്കുവാനുള്ള മാർഗ്ഗങ്ങൾ സൂചിപ്പിക്കുക.

25. ആധുനിക വൻകിട വ്യവസായങ്ങളുടെ സവിശേഷതകൾ എന്തൊക്കെയാണ് ?

26. ജല ഗതാഗതത്തിന്റെയും വ്യോമ ഗതാഗതത്തിന്റെയും നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

27. ലോകത്തിലെ ഏതെങ്കിലും നാല് ട്രാൻസ്-കോണ്ടിനെന്റൽ റെയിൽവേകളുടെ പേര് എഴുതുക, റഷ്യയിലെ പ്രധാന റെയിൽവെ റൂട്ട് വിശദീകരിക്കുക.

28. ചതുഷ്ഥായ പ്രവർത്തനങ്ങളും പഞ്ച മേഖല പ്രവർത്തനങ്ങളും താരതമ്യം ചെയ്യുക.

## SECTION – D

**29 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വിതം.** **(3 × 4 = 12)**

29. "സുസ്ഥിര ഊർജ്ജ ഉറവിടങ്ങളാണ് ഒരേ ഒരു പുനസ്ഥാപിക്കാവുന്ന ഊർജ്ജ ഉറവിടങ്ങൾ".

(a) ഏതെങ്കിലും നാല് പുനസ്ഥാപിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ എഴുതുക.

(b) ധാതു വിഭവ സംരക്ഷണത്തിന് രണ്ട് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

30. നീർത്തട മാനേജ്മെന്റ് എന്ന ആശയം ഉദാഹരണങ്ങൾ സഹിതം വിശദീകരിക്കുക.

31. മനുഷ്യ വികസനത്തിന്റെ തൂണുകൾ പട്ടികപ്പെടുത്തുകയും ഏതെങ്കിലും ഒന്ന് വിശദീകരിക്കുകയും ചെയ്യുക.

32. ലോകത്ത് നടന്നുവരുന്ന ചില കാർഷിക രീതികളുമായി ബന്ധപ്പെട്ട സൂചകങ്ങളാണ് താഴെ നൽകിയിരിക്കുന്നത് അവ മനസ്സിലാക്കി ചെറുകുറിപ്പ് തയ്യാറാക്കുക.

(a) യൂറോപ്യൻമാർ അവരുടെ കോളനികളിൽ ആരംഭിച്ചു.

(b) ലഡാംഗ് എന്ന് മലേഷ്യയിൽ വിളിക്കുന്നു.

## SECTION – E

33. താഴെ തന്നിട്ടുള്ള ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് തന്നിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.

(4 × 1 = 4)

(a) ജനസംഖ്യ കൂടിയ സംസ്ഥാനം

(b) തമിഴ്നാട്ടിലെ ഒരു വിനോദ സഞ്ചാര നഗരം

(c) ഏറ്റവും വലിയ തുറമുഖം

(d) ഭൗമ താപോർജ്ജ നിലയം

(e) ജനസാന്ദ്രത കൂടിയ സംസ്ഥാനം

(f) സിക്ക് ജനസംഖ്യ ഏറ്റവും കൂടുതലുള്ള സംസ്ഥാനം

For Question No. 33

